# ആധാർ ഇനി എൻെറ നമ്പർ

കെ.രാജേഷ് കുമാർ

**കൊല്ലും കൊലവിളിയും നടക്കുന്ന നാട്...ആളുകൾ പേര് ചോദിച്ച് മതം മനസ്സിലാക്കി പരസ്പരം കുത്തിക്കൊല്ലുന്നു...അപ്പോഴാണ് കലാപം തീർക്കാനൊരു പരിഹാരവുമായി യുവനടൻ രംഗത്തെത്തുന്നത്...പേരിനുപകരം എല്ലാവർക്കും അദ്ദേഹം പത്തക്ക നമ്പർ നൽകുന്നു....അതോടെ മതവും വർഗവും മനസ്സിലാക്കാനാകാതെ അക്രമികൾ കുഴയുന്നു...ഇരകൾ രക്ഷപ്പെടുന്നു...നാട്ടിൽ സമാധാനം വിളയുന്നു...നമ്പർ കൊണ്ടുവന്നൊരു മാറ്റം...വാട്ട് ഏൻ ഐഡിയ സർജീ....**

മാസങ്ങൾ മുമ്പ് ടെലിവിഷനിൽ നിറഞ്ഞുനിന്ന ഒരു മൊബൈൽ കമ്പനിയുടെ പരസ്യമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. മതവും ജാതിയുമില്ലാത്ത അക്കങ്ങൾക്ക് നമ്മുടെ നാടെങ്ങനെ മാറ്റാനാകുമെന്ന സന്ദേശം കൂടിയുണ്ട് ആ പരസ്യത്തിൽ.കേന്ദ്ര സർക്കാറിൻെറ നേതൃത്വത്തിൽ നടപ്പാക്കുന്ന ആധാർ(ഏകീകൃത തിരിച്ചറിയൽ നമ്പർ-യു.ഐ.ഡി.)പദ്ധതിയും ലക്ഷ്യമിടുന്നത് ഇതുതന്നെയാണ്. വ്യക്തവും കൃത്യവുമായ വിവരങ്ങൾ ശേഖരിച്ച് ഓരോ ഇന്ത്യക്കാരനും 12 അക്ക നമ്പർ നൽകുക.രാജ്യത്തിനകത്തുള്ള എന്തുകാര്യത്തിനും ആധാരമായി പിന്നെ ആ നമ്പർ മാത്രം മതി. ഊരും പേരും മറന്നാലും ഈനമ്പർ ഉണ്ടെങ്കിൽ നിങ്ങൾ ആരാണെന്നും എന്താണെന്നും അധികൃതർക്ക് കണ്ടെത്താനാകും. പദ്ധതി പൂർത്തിയായിക്കഴിഞ്ഞാൽ പിന്നെ പിറന്നുവീഴുന്ന കുഞ്ഞുങ്ങളുൾപ്പെടെ എല്ലാവരും ആധാർ നമ്പറിലായിരിക്കും അറിയപ്പെടുക...ആ നമ്പറിലായിരിക്കും ഇന്ത്യ കണക്ക് ചെയ്യപ്പെടുക..രാജ്യത്ത് എവിടെ പോയാലും ആ നമ്പർ പിന്തുടർന്നുകൊണ്ടിരിക്കും....വാട്ട് ഏൻ ഐഡിയ സർജീ....

## ?എന്താണ് ആധാർ

**അഞ്ചു** വയസ്സ് പൂർത്തിയായ ഓരോ ഇന്ത്യക്കാരനും ഇന്ത്യക്കാരിക്കും പന്ത്രണ്ടക്ക നമ്പർ. ജനിച്ചു വീണയുടനും ആധാർ ഉണ്ടാക്കാം.പക്ഷെ അച്ഛൻെറയും അമ്മയുടെയും ആധാർ നമ്പർ ആധാരമാക്കിയായിരിക്കും കുട്ടിക്ക് നമ്പറിടുക എന്നുമാത്രം.

ഫോട്ടോ,പത്ത് വിരലിൻെറയും അടയാളം,രണ്ടുകണ്ണിലെയും കൃഷ്ണമണിയുടെ ചിത്രം,ജനനത്തീയതി,വിലാസം,ഫോൺ നമ്പർ, പാൻ നമ്പർ തുടങ്ങി ഒരാളെക്കുറിച്ചുള്ള വിവരങ്ങളെല്ലാം ആധാറിൽ ചേർക്കും.

ബാങ്ക്,പാസ്പോർട്ട്,ഡ്രൈവിങ് ലൈസൻസ്,പാൻ കാർഡ് തുടങ്ങിയ കാര്യങ്ങൾക്കെല്ലാം ആധാർ നമ്പർ മാത്രംമതി.നിങ്ങളുടെ നമ്പർ ഓൺലൈനിൽ അടിച്ച് ആവശ്യമുള്ളയാൾക്ക് പരിശോധിക്കാം. ഇരുപത്തിനാലുമണിക്കൂറും ഈ സേവനം ലഭ്യമായിരിക്കും. എപ്പോഴും എവിടെയും എങ്ങിനെയും നിങ്ങൾ തിരിച്ചറിയപ്പെടുന്നു.അതാണ് ആധാർ... അതുണ്ടെങ്കിൽ മറ്റെല്ലാം മറന്നേക്കൂ...

## ?എന്തിനാണ് ആധാർ

**മതത്തിൻെറയും** ജാതിയുടേയും പേരിൽ മനുഷ്യരെ തരംതിരിക്കുന്നത് ആധാർ നമ്പർ വരുന്നതോടെ പൂർണമായും ഒഴിവാക്കാനാകും.വ്യാജ തിരിച്ചറിയൽ കാർഡും അതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളും ഒഴിവാക്കാം. ആളുകളെ മേഖലകളുടെയും സംസ്ഥാനത്തിൻെറയും പേരിൽ തരം തിരിക്കുന്ന രീതി ഇല്ലാതാകും.സ്വകാര്യപൊതുമേഖലാ വ്യത്യാസമില്ലാതെ ഉപഭോക്താവിന് സേവനം ലഭ്യമാകും.

അന്യസംസ്ഥാനങ്ങളിൽ കുടിയേറുന്നവർക്ക് തിരിച്ചറിയൽ രേഖ പലപ്പോഴും പ്രശ്നമാകാറുണ്ട്.

## ?എവിടെ കിട്ടും ആധാർ

**കേരളത്തിൽ** ഇൻഫർമേഷൻ ടെക്നോളജി വകുപ്പാണ് പദ്ധതി ജനങ്ങളിലെത്തിക്കുന്നത്.ഗ്രാമങ്ങളിൽ അക്ഷയയും നഗരങ്ങളിൽ കെൽട്രോണും സ്കൂളുകളിൽ ഐ.ടി.അറ്റ് സ്കൂളുമാണ് അപേക്ഷ സ്വീകരിച്ച് നമ്പർ നൽകുക. തിരിച്ചറിയൽ രേഖയും വിലാസം തെളിയിക്കാനുള്ള രേഖയുമാണ് അപേക്ഷയോടൊപ്പം നിർബന്ധമായും നൽകേണ്ടത്. രേഖകൾ സ്കാൻ ചെയ്ത് ഭാവിയിലെ ആവശ്യത്തിന് നമ്പറിനൊപ്പം സൂക്ഷിക്കും. ജില്ലാ പ്ലാനിങ് ഓഫീസറുടെ അംഗീകാരത്തോടെ വിരമിച്ച സർക്കാർ ഉദ്യോഗസ്ഥരെ രേഖകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്താൻ നിയമിക്കും. തിരിച്ചറിയൽ രേഖയൊന്നുമില്ലാത്തവർക്കും ആധാർ കിട്ടും. സ്ഥലത്തെ ജനപ്രതിനിധി പരിചയപ്പെടുത്തിയാൽ മതി. പക്ഷെ ജനപ്രതിനിധിക്ക് ആധാർ ഉണ്ടായിരിക്കണം. ഓരോ സ്ഥലത്തും അപേക്ഷ വിതരണം ചെയ്യുന്നതും ഫോട്ടോ എടുക്കുന്നതും മറ്റുമുള്ള വിവരങ്ങൾ മാധ്യമങ്ങൾ വഴി ജനങ്ങളെ അറിയിക്കും. അപേക്ഷിച്ച് 60-90 ദിവസങ്ങൾക്കുള്ളിൽ പരിശോധന പൂർത്തിയാക്കി നമ്പർ നൽകാനാണ് പരിപാടി. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് നേതൃത്വം നൽകുന്ന സമിതികൾ പ്രവർത്തനങ്ങൾക്കായി രൂപവത്കരിക്കും. ജില്ലാകളക്ടർ വർക്കിങ് ചെയർമാനായിരിക്കും.

## എന്തിനും ഏതിനും ആധാർ

**പൊതു** വിതരണ മേഖല,വളംഇന്ധന വിതരണം,സബ്സിഡി വിതരണം, ആരോഗ്യ ഇൻഷൂറൻസ്, തൊഴിലുറപ്പ് പദ്ധതി, ബാങ്ക് അക്കൗണ്ട്, പാസ്പോർട്ട്, ഡ്രൈവിങ് ലൈസൻസ്, പാൻ കാർഡ്, ടെലിഫോൺ, എൽ.ഐ.സി., സെൻസസ് തുടങ്ങി എന്ത് ആവശ്യങ്ങൾക്കും ആധാർ നമ്പർ മതിയാകും.ഇന്ത്യയിൽ 60ശതമാനം പേരും ബാങ്കിങ് മേഖലയ്ക്ക് പുറത്താണെന്നാണ് കണക്കുകൾ. ആധാറിനൊപ്പം ഒരു ദേശസാത്കൃത ബാങ്കിൻെറ അക്കൗണ്ടുനൽകാനും അധികൃതർ പദ്ധതി തയ്യാറാക്കുന്നുണ്ട്. രാജ്യത്ത് ദാരിദ്രരേഖയ്ക്കു താഴെയുള്ള 45ശതമാനം കുടുംബങ്ങൾക്കും റേഷൻ കാർഡില്ലെന്ന് പഠനങ്ങൾ തെളിയിക്കുന്നു. അവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ പലരും തട്ടിയെടുക്കുകയാണ്. ആധാർ വരുന്നതോടെ സബ്സിഡിയും ആനുകൂല്യങ്ങളും കൃത്യമായി കിട്ടേണ്ടവർക്ക് കിട്ടുന്ന സ്ഥിതിവരും. ബയോമെട്രിക് സംവിധാനത്തിലൂടെ തയ്യാറാക്കുന്ന നമ്പറായതിനാൽ വ്യാജ കാർഡുകൾ പൂർണമായും ഇല്ലാതാക്കാനാകും.നിലവിലുള്ള രേഖകളിലെ തട്ടിപ്പും ഇരട്ടിപ്പും ഒഴിവാക്കാനാകും.

## വിവരങ്ങൾ പരസ്യമാക്കില്ല

**ആധാറിനു** വേണ്ടി നൽകുന്ന വിവരങ്ങൾ പരസ്യപ്പെടുത്തുകയില്ല.വിവരങ്ങൾ ചോർത്തി തിരിച്ചറിയൽ കാർഡ് ദുരുപയോഗം തടയുന്നതിനാണിത്. ഓൺലൈനിൽ നമ്പർ അടിച്ചുകഴിഞ്ഞാൽ അതെ അല്ലെങ്കിൽ അല്ല എന്ന വിവരം മാത്രമേ തെളിയുകയുള്ളൂ.സ്വകാര്യത സംരക്ഷിക്കാനാണ് ഈ ക്രമീകരണം. എന്നാൽ നമ്പർ ഉപയോഗിച്ച് ഒരാൾക്ക് സ്വന്തം വിവരങ്ങൾ കാണാൻ സംവിധാനവും ഉണ്ടായിരിക്കും.

## പണം കൈമാറാനും ആധാർ

**ഒരു** ആധാർ നമ്പറിൽ നിന്ന് മറ്റൊരു നമ്പറിലേക്ക് ബാങ്കുകൾ വഴി പണം കൈമാറാനുള്ള പദ്ധതിയും ഭാവിയിൽ ആസൂത്രണം ചെയ്യുന്നുണ്ട്. മൈക്രോ എ.ടി.എം.ഉപയോഗിച്ചുള്ള ഇത്തരം പദ്ധതി പാവങ്ങൾക്കാണ് ഏറെ ഗുണം ചെയ്യുക. ഉദാഹരണത്തിന് തൊഴിലുറപ്പ് പദ്ധതിയിലെ കൂലി ജോലിക്കാരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകാം. അക്കൗണ്ടിലെ പണമുപയോഗിച്ച് വാങ്ങുന്ന സാധനങ്ങളുടെ തുക വ്യാപാരിയുടെ അക്കൗണ്ടിലേക്ക് മാറ്റാനും ആധാർ മതിയാകും. പാവങ്ങളും ആധാർ വഴി സ്മാർട്ടാകാനൊരുങ്ങുകയാണ്...ഒരു ചെയ്ഞ്ച് ആർക്കാണിഷ്ടമില്ലാത്തത്?